"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ പ്രവർത്തന കാലാവധി 2021 ഡിസംബർ 29 മുതൽ മൂന്നു മാസത്തേക്ക് (2022 മാർച്ച് 28 വരെ) ദീഘിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.3/2022/ത.സ്വ.ഭ.വ    തിരുവനന്തപുരം, തീയതി:10/01/2022

---

പരാമർശം:-

1. 22/10/2012-ലെ സ.ഉ.(കൈ)നം.273/2012/തസ്വഭവ
2. 21/10/2016-ലെ സ.ഉ(കൈ)നം.148/2016/തസ്വഭവ
3. 28/10/2019-ലെ സ.ഉ(കൈ)നം.135/2019/തസ്വഭവ
4. 11/08/2021-ലെ സ.ഉ(കൈ)നം.173/2021/തസ്വഭവ
5. 27/12/2016-ലെ സ.ഉ(കൈ)നം.198/2016/തസ്വഭവ
6. 28/12/2021-ലെ തസ്വഭവ-ഇആർഎ2/236/2021-തസ്വഭവ നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയെ സുസ്ഥാപിതമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി പരാമർശം (1) പ്രകാരം രൂപീകരിക്കുകയും പരാമർശം (2) പ്രകാരം പുനഃസംഘടിപ്പിക്കുകയും പരാമർശം (3), (4) എന്നിവ പ്രകാരം പ്രവർത്തനം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുള്ള ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ കാലാവധി 2021 ഡിസംബർ 28-ന് അവസാനിച്ചിരുന്നു.

(2). തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേയ്ക്കായി നിയമാനുസൃതമായ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് പരാമർശം (5) പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു.

(3). 2021 ഡിസംബർ 28-ന് പ്രവർത്തന കാലാവധി അവസാനിച്ച സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പൊതുസർവ്വീസ് കരട് സ്പെഷ്യൽ റൂൾ തയാറാക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതിനായി, നിലവിലുള്ള കമ്മീഷന്റെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതായി അറിയിച്ചുകൊണ്ട് പരാമർശം (6) പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷന് കത്ത് നൽകിയിരുന്നു.

(4). പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ അന്തിമമാക്കി വിജ്ഞാപനം പുറപ്പെടുവിച്ച് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നതിനു ശേഷം ഉണ്ടാകുന്ന അനോമലികൾ

പരിഹരിക്കുന്നതിനും ടി കമ്മീഷന്റെ സേവനം അനിവാര്യമാണ്. ആയതിനാൽ, ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ പ്രവർത്തന കാലാവധി 2021 ഡിസംബർ 29 മുതൽ മൂന്ന് മാസത്തേയ്ക്ക് (2022 മാർച്ച് 28 വരെ) ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ,സ്വരാജ് ഭവൻ, തിരുവനന്തപുരം.
2. സെക്രട്ടറി, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
6. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

8.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sindhu.p.g.
Date: 10-01-2022 11:18:00
Reason: Approved

സെക്ഷൻ ഓഫീസർ